(ഡി) താഴ്ന്ന തലത്തിലുള്ള ഉദ്യോഗസ്ഥർ ഒന്നിലധികം ഉയർന്ന തസ്തികകൾ വഹിക്കുന്നതുമൂലം ഉണ്ടാകുന്ന കാര്യപ്രാപ്തിക്കുറവ് കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന പ്രവർത്തനത്തെ താളം തെറ്റിക്കുന്ന വിവരം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതുപരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടുപേർ

1. ശ്രീ. എൻ. കെ. രാജേന്ദ്രൻ, പേഴ്സണൽ മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (എ)-യുടെ അധിക ചുമതല വഹിക്കുന്നു.

2. ശ്രീ. വി. ഗോപിനാഥൻ നായർ, ചീഫ് ട്രാഫിക് ഓഫീസർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഒ)-യുടെ അധിക ചുമതല വഹിക്കുന്നു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ താളം തെറ്റിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ജില്ലാ ഡിപ്പോയാക്കി ഉയർത്തുന്നതിന് നടപടി**

**182 (632)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ ജില്ലാ ഡിപ്പോയാക്കി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോയിൽനിന്നും നിലവിൽ എത്ര സർവ്വീസുകളാണ് നടത്തുന്നത് ; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ സർവ്വീസുകൾക്ക് അനുമതി നൽകി എന്നും എത്രയെണ്ണം ആരംഭിച്ചുവെന്നും അറിയിക്കുമോ ;

(ഡി) സർവ്വീസ് ആരംഭിക്കാത്ത റൂട്ടുകളുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ ജില്ലാ ഡിപ്പോയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 70 ഷെഡ്യൂളിനുമുകളിലും മിനിമം 4 ഏക്കർ സ്ഥലവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിൽ സബ് ഡിപ്പോ ഡിപ്പോയായി ഉയർത്താവുന്നതാണ്.

(ബി) 56 എണ്ണം.

സർവ്വീസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 23 സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 എണ്ണം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണമാണ് സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്.

(ഇ) സബ് ഡിപ്പോ ജില്ലാ ഡിപ്പോയായി ഉയർത്തുമ്പോൾ പ്രവർത്തന ചെലവ് വളരെ കൂടുതലാകും. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരം അധിക ബാദ്ധ്യതകൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ല.

**പാലക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി**

**183 (633)** ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. എവിടെയൊക്കെ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ ;

(ബി) എത്ര ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് ; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ഏതൊക്കെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പുരോഗമിക്കുന്നു ; അവ എന്നത്തേക്ക് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ ;

(ഡി) പാലക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെഭാഗമായി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായി 30 ബസ്സ്റ്റേഷനുകളിൽ അങ്കമാലി,

* ...ിൽ വച്ചിട്ടുണ്ട്.